# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഏറാമല ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ലാ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.5/2043/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

കോഴിക്കോട് ജില്ല.

ഇ-മെയിൽ -dokkd.ksad@kerala.gov.in

ഫോൺ - 0495 2371012

തീയ്യതി:05.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ഏറാമല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നംകെ.എസ്.എ.കെ.കെ.ഡി.എം.1/2043/2018 തിയ്യതി:05.10.2018

# കോഴിക്കോട് ജില്ലയിലെഏറാമല ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2017 മുതൽ 19/07/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടു കളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ....... എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകര ണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീഷ് മാവേലി, പുത്തൻ വീട്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2018മുതൽ 28.07.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബാലകൃഷ്ണൻ കെ.എം. | ഓഡിറ്റ് ഓഫീസർ |
| | ശ്യാംജിത് .എം | അസി.ഏ.ഒ |
| | ജയകുമാർ പാലോളി | അസി.ഏ.ഒ |
| | മനോഹരൻ എ.വി | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എം.കെ ഭാസ്കരൻ | 01.04.2017– 31.03.2018 |
| സെക്രട്ടറി<br>(അസി.സെക്രട്ടറി ഇൻ-ചാർജ്ജ്)<br>സെക്രട്ടറി | ശശികുമാർ .വി.കെ | 01.04.2017- 31/05/2017 |
| | ദിനേഷൻ കെ.കെ. | 01/06/2017 -15/06/2017 |
| | രാഹുൽ രാമചന്ദ്രൻ | 16/06/2017-<br>13/07/2017 |
| | പി.സുരേഷ് | 14/07/2017-<br>31/03/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി. | ശശികുമാർ കെ.കെ. | 01/04/2017 –31/05/2017 |
| | സിന്ധു പി.ജി | 01/06/2017 –31/03/2018 |
| കൃഷി ഓഫീസർ. | നിഷാന്ത് കെ.രാമൻ | 01/04/2017 –10/04/2017 |
| | സുഷമ കെ.പി. | 11/04/2017 –15/05/2017 |
| | അശ്വതി ഒ.ആർ | 16/05/2017 –29/07/2017 |
| | പ്രമോദ് ഒ.ആർ | 30/07/17-31/10/2017 |
| | രേഷ്മ രമേഷ് | 01/11/2017 –31/03/2018 |
| വെറ്റിനറി സർജൻ. | ഡോ. ഗ്യാനേന്ദ്ര സിംഗ് | 01.04.2017 – 11/07/2017 |
| | ഡോ.ഷൈനി | 12/07/2017 –31/03/2018 |
| മെഡിക്കൽ ഓഫീസർ.<br>(ഹോമിയോ) | ഡോ.രാജീവ് ജി.നായർ | 01/04/2017 –31/03/2018 |
| അസി.എഞ്ചിനീയർ | ഷീന സി.എം | 01/04/2017 –16/07/2017 |

| | | |
|---|---|---|
| | ജയകുമാരി | 17/07/2017 –21/10/2017 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. മോഹൻ | 01.04.2017– 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | പ്രീത എൻ | 01.04.2017 – 31.03.2018 |
| വി.ഇ.ഒ | പ്രത്യുഷരാജ് പി.വി. | 01.04.2017 – 31.03.2018 |
| വി.ഇ.ഒ | അനീഷ് | 01.04.2017 – 31.03.2018 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ബിന്ദുരാജൻ.എൻ.എം. | 01.04.2017 – 31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ചട്ടങ്ങൾക്ക് വിരുദ്ധമായി ലൈസൻസ് അനുവദിക്കുന്നു. | 2-1 |
| 14 | കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം - നടത്തിപ്പിലെ അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി -അപാകതകൾ | 2-3 |
| 16 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 2-4 |
| | ഭാഗം 3 | |
| 17 | പൊതുഭരണം - മേലുദ്യോഗസ്ഥർ,ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി എന്നിവർ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നില്ല | 3-1 |
| 18 | ക്ഷീര വികസനമേഖലയിലെ പദ്ധതി നിർവ്വഹണം | 3-2 |
| 19 | അന്തിമ പദ്ധതി രേഖ പ്രകാരം അംഗീകാരം നേടിയ പ്രേജക്ടുകൾ ഭാഗികമായി നടപ്പാക്കുന്നു. | 3-3 |
| 20 | ഭാഗികമായ റോഡ് പ്രവൃത്തി – സോളിങ് പ്രവൃത്തി മാത്രമായി നടപ്പിലാക്കി | 3-4 |
| 21 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് വിതരണം പൂർത്തിയായില്ല – ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റിയുടെ മേൽനോട്ടം ഫലപ്രദമല്ല | 3-5 |

| | | |
|---|---|---|
| 22 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം | 3-6 |
| 21 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം | 3-7 |
| 22 | പട്ടികജാതി വികസനപദ്ധതികൾ - പൊതു അപാകതകൾ | 3-8 |
| 23 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ | 3-9 |
| 24 | സാമൂഹ്യനീതി,വനിതാവികസനം - ലക്ഷ്യം കൈവരിച്ചില്ല | 3-10 |
| | ഭാഗം -4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപം | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29/03/2017 -ലെ 1(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28/03/2018 ലെ 1 തീരുമാനപ്രകാരവും അംഗീകരിച്ചു.

## **1-2** വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31/07/2018 | 22/05/2018 |

## **1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## **1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35526388.53 |
| വരവ് | 67988415 |
| ആകെ | 103514803.53 |
| ചെലവ് | 88487752 |
| നീക്കിയിരിപ്പ് | 15027051.53 |

## **1-5** ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 15312525 | 15312525 | 12700789 | 2611736 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | - | 1629005 | 1629005 | 1213850 | 415155 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 14738354 | 14738354 | 11380187 | 3358167 |
| മെയിന്റനൻസ്, നോൺ – റോഡ് (ACR പ്രകാരം) | | - | 4012287 | 4012287 | 1906197 | 2106090 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 9133226 | 9133226 | 4180658 | 4952568 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | - | 3299785 | 3299785 | 2496305 | 803480 |
| സാക്ഷരത | | - | 12000 | 12000 | 12000 | - |
| ദുരിതാശ്വാസനിധി | | - | 481858 | 481858 | 481858 | - |
| എം.ജി. എൻ. ആർ.ഇ. | തൊഴിലാളികളുടെ കൂലി | - | 9010347 | 9010347 | 9010347 | - |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12993 | 487996 | 500989 | 500484 | 505 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി.എസ്. | | 1653521 | 1074298 | 2727819 | 1492331 | 1235488 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1343650 | 1592500 | 2936150 | 1537500 | 1398650 |
| | ജില്ലാ പഞ്ചായത്ത് | 250000 | 1839163 | 2089163 | 347500 | 1741663 |
| ബി ഫണ്ട് | | - | 471400 | 471400 | 471400 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 11292116 | 11693000 | 22985116 | 22381922 | 603194 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15755696.85 | 8509809 | 24265505.85 | 13942690 | 10322815.85 |
| | ട്രഷറി അക്കൗണ്ട് | 11292116 | 11693000 | 22985116 | 22381922 | 603194 |
| മറ്റിനം | | - | - | - | - | - |

(കുറിപ്പ് 1.ACRപ്രകാരമുള്ള വരവ് രേഖപ്പെടുത്തേണ്ട ഫണ്ടുകളുടെ കാര്യത്തിൽ വാർഷിക റിപ്പോർട്ടിലെ ഖണ്ഡിക IV-ലെ സംസ്ഥാന സർക്കാർ അനുവദിച്ച തുക എന്ന ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടേണ്ടതാണ്.

2. ബി-ഫണ്ട്. AFS-ലെ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലുള്ള ബി-ഫണ്ട് തുകകൾ ഉൾപ്പെടുത്തിയാൽ മതി.)

# 1-6 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 115346540 | 114 | 50655687 | 1 | 79 | 58.76% |

# 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 9010347 | 9010347 | 9010347 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 12993 | 487996 | 500989 | 500484 | 505 |
| | 12993 | 9497838 | 9510831 | 9510831 | 505 |

# 1-8 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71400 | 160 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10020800 | 912 |
| വിധവാപെൻഷൻ | 15687100 | 1357 |
| വാർദ്ധക്യകാലപെൻഷൻ | 24238900 | 2025 |
| വികലാംഗപെൻഷൻ | 3697200 | 340 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1067600 | 13 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് പരിശോധന

ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/07/20118 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തുക ഒന്നും ബാലൻസ് ഉഅടായിരുന്നില്ല എന്നും ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് അവശ്യം തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ,വസ്തുനികുതി നികുതി ഡിമാന്റ് രജിസ്റ്റർ, കമ്മ്യൂണിറ്റിഹാൾ കം കല്യാണ മണ്ഡപം ബക്കിംഗ് രജിസ്റ്റർ&ഡിമാന്റ് രജിസ്റ്റർ എന്നിവ അപൂർണമാണ്.ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല.അസി.സെക്രട്ടറി കേഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല .രജിസ്റ്ററുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.റെക്കോർഡ് റൂമില്ല.പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കുന്നില്ല.ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പാക്കുന്നില്ല.(ഖണ്ഡിക 3-1 കാണുക)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 14/05/2018 | 01/04/2018 | സി1-79/17 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | മുതൽ 30/04/2018 വരെ | തീ.07/08/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/11/2016 – 14/11/2016 | 2011-12 മുതൽ 2014-15 വരെ | LBA(HQ)vi/8A-2524/144തീ.തീ. 26/12/2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1-3 പ്രകാരം പറപ്പെട്ടുവിച്ച സാക്ഷ്യപത്രത്തിലും ഓഡിറ്റ് സമയത്തെ പരിശോധനയിലും ചൂണ്ടിക്കാട്ടിയ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിശോധിക്കാനവശേഷിക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഡി&ഒ ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2) കമ്യൂണിറ്റിഹാൾ ബുക്കിംഗ് & ഡിമാന്റ് രജിസ്റ്റർ അപൂർണമായതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) പഞ്ചായത്ത് നൽകിയ ചെക്കുകളിൽ കാലാവധി കഴിഞ്ഞ 51 ചെക്കുകൾ (71527രൂപ)ഉണ്ടെങ്കിലും ആയത് ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സെറ്റയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4) പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്ന ചെക്കുകളിൽ കാലാവധി കഴിഞ്ഞ 3 ചെക്കുകളിലായി 16350 രൂപ നാളിതുവരെയായി പണമായി മാറ്റിയിട്ടില്ല.ആയത് അക്കൗണ്ടിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ചേർത്തിട്ടില്ല.

5) വസ്തു നികുതി കുടിശ്ശിക ,ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുക +തൻവർഷ കുടിശ്ശിക തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

6)വിവിധ വരവിനങ്ങളായ വാടക , മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7) 2016-17 ബാലൻസ് ഷീറ്റ് പ്രകാരം കെട്ടിട വാടക ഇനത്തിൽ കുടിശ്ശിക തുകയായി 5250രൂപയാണ് കാണിച്ചിട്ടുള്ളതെങ്കിലും ഈ വർഷം RP 43 പ്രകാരം വാടക കുടിശ്ശിക ഇനത്തിലുള്ള വരവ് 179000 ആണ് കാണിച്ചിട്ടുള്ളത്.

8) സഞ്ചയ പ്രകാരം വസ്തു നികുതി അഡ്വാൻസ് കളക്ഷൻ ഇനത്തിൽ രൂപ 15505 വരവുണ്ടെങ്കിലും വാർഷിക കണക്കിൽ RP-36 ൽ ബന്ധപ്പെട്ട ശീർഷകത്തിൽ പ്രസ്തുത തുക കാണിച്ചിട്ടില്ല.

9) വസ്തു നികുതി തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

10) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യപ്പെടുത്താൻ പറ്റുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

11)തൻവർഷം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

12)ഡെപ്പോസിറ്റ് വർക്കിന് നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുക വാർഷിക കണക്കുകളിൽ RP-47 ലും ബി-18 ഷെഡ്യൂളിലും ചേർത്തിട്ടില്ല.

13)ബാലൻസ് ഷീറ്റിൽ ബി-15 ൽ ലൈബ്രറി സെസ്സ് എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള തുക ബാലൻസ് ഷീറ്റിലെ വസ്തുനികുതി കുടിശ്ശിക +തൻവർഷ കുടിശ്ശിക .5/105 എന്ന തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ചട്ടങ്ങൾക്ക് വിരുദ്ധമായി ലൈസൻസ് അനുവദിക്കുന്നു.

മലിനീകരണം ഉണ്ടാക്കുവാൻ സാധ്യതയുള്ള എല്ലാ വ്യവസായങ്ങൾക്കും/സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ സർക്കാരിന്റെ വ്യവസായ വകുപ്പോ മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. കേ.പ.രാ ആക്ട് സെക്ഷൻ 233 ബി (എച്ച്) പ്രകാരം മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 എച്ച് പി യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന് അനുവാദം നൽകാവുന്നതാണ്. എന്നാൽ ഏറാമല ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾക്ക് മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് (സാക്ഷ്യപത്രം കൂടാതെയാണ്) 2017-18 സാമ്പത്തികവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് അനുവദിച്ച ക്രമ നമ്പർ | അപേക്ഷകന്റെ പേര് | സ്ഥാപന വിവരം |
|---|---|---|---|
| 1 | 2 | ജഗദീഷൻ ടി.കെ<br>തലെ കൊയിലോത്ത്. കാർത്തികപ്പള്ളി (PO) വില്ല്യാപ്പള്ളി (വഴി) | ഫ്ലോർ മിൽ 15 HP മോട്ടോർ |
| 2 | 15 | കുമാരൻ സി.കെ .<br>ചെമ്പ്ര കുനിയിൽ (HO)ഓർക്കാട്ടേരി (PO) | ഫ്ലോർ മിൽ 10 HP മോട്ടോർ |
| 4 | 54 | രവീന്ദ്രൻ മനത്താനത്ത് | 10 HP |

| | | | |
|---|---|---|---|
| | | സുരേന്ദ്രൻ മനത്താനത്ത്<br>സുമൻ മനത്താനത്ത് | മോട്ടോർ |
| 5 | 222 | ലിജീഷ് പുതിയെടുത്ത്<br>പുതിയെടുത്ത് (PO) | വെൽഡിങ്ങ് ഷോപ്പ്<br>10 HP<br>മോട്ടോർ |
| 6 | 396 | രാമദാസൻ<br>മഞ്ഞിനോളി(H0)<br>കുറിഞ്ഞാലിയോട് (PO) | ഫ്ലോർ മിൽ<br>10 HP<br>മോട്ടോർ |
| 7 | 398 | ടി.ഇ ശ്രീധരൻ തെക്കെ ഇടത്തിൽ | വെൽഡിങ്ങ് ഷോപ്പ്<br>25 HP<br>മോട്ടോർ |

കച്ചവടം, വ്യവസായങ്ങൾ, കെട്ടിട നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് നിയമപരമായ നിയന്ത്രണങ്ങൾ ഉറപ്പുവരുത്തുന്നതിനാണ് അവയ്ക്ക് ലൈസൻസ് നിർബന്ധമാക്കിയിരിക്കുന്നത് . ഏറാമല ഗ്രാമപഞ്ചായത്തിൽ 2759 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണുള്ളതെങ്കിലും ഇതിൽ 567 ലൈസൻസ് അപേക്ഷകൾ മാത്രമാണ് 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളത്.

ആവശ്യമായ അന്വേഷണം നടത്താതെയാണ് പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്നത് എന്നതാണ് ഇത് സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് ചെയ്തതിൽ നിന്നും വ്യക്തമാവുന്നത്. ഉദ്യോഗസ്ഥർ ഡി & ഒ ലൈസൻസ് സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നതും ലൈസൻസ് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതും നിയമാനുസൃതമാണ് എന്നുറപ്പ് വരുത്തേണ്ടതാണ്.

2) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ാം വകുപ്പനുസരിച്ച് മനുഷ്യരുടെ ജീവനോ സ്വത്തിനോ അസഹ്യമോ,ആപൽക്കരമോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക്, സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3പ്രകാരമുള്ള പട്ടിക 1 ക്രമ നമ്പർ,139 പ്രകാരം കള്ളു ഷാപ്പുകളും,

149 അനുസരിച്ച് റീടെയിൽ റേഷൻ ഡിപ്പോകളും ഈ ഗണത്തിൽപ്പെടുന്നതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരിൽ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നില്ല.

ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തേണ്ടതും ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതുമാണ്. ജീവനക്കാർ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തി ലൈസൻസില്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം - നടത്തിപ്പിലെ അപാകതകൾ നടത്തിപ്പിലെ കെടുകാര്യസ്ഥത

2009-10 വർഷം ആരംഭിക്കുകയും 2014-15 വർഷം പൂർത്തിയാക്കുകയും ചെയ്ത കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം നിർമ്മാണത്തിന് രണ്ട് ഘട്ടങ്ങളിലായി 11967138 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച മേൽ കെട്ടിടത്തിന് 2017-18 വർഷം വാടകയിനത്തിൽ ലഭിച്ചത് 46000 രൂപ മാത്രമാണ്.ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിച്ച ബുക്കിംഗ് രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഭരണസമിതി മിനിട്സ് എന്നിവ പരിശോധിച്ചതിൽ കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപത്തിന് മതിയായ വാടക ഈടാക്കുന്നതിലും നടത്തിപ്പിലും ഗ്രാമപഞ്ചായത്ത് താഴെ ചേർക്കുന്ന വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

30/11/2015 ലെ 66/2015പഞ്ചായത്ത് തീരുമാനപ്രകാരം മണ്ഡപത്തിന്റെ കരട് ബൈലോ അംഗീകരിക്കുകയും താഴെപ്പറയുന്ന നിരക്കിൽ തുച്ചമായ വാടക ഈടാക്കാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| വിവാഹം | 15000 |
| അംഗീകൃത രാഷ്ട്രീയ പാർട്ടികൾ | 3500 |
| അംഗീകൃത രാഷ്ട്രീയ പാർട്ടികൾ<br>വൈകു 6മണിക്കു ശേഷം | 2000 |

മേൽ വാടക നിരക്കുകൾ ഒഴിവാക്കി പകരം, "പൊതുമരാമത്ത് വകുപ്പ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചതും ഗ്രാമപഞ്ചായത്ത് അതാത് കാലങ്ങളിൽ അംഗീകരിച്ചതുമായ വാടക" എന്ന വ്യവസ്ഥ ഉൾപ്പെടുത്താനാവശ്യപ്പെട്ട് കരട് ബൈലോ പഞ്ചായത്ത് ഡയറക്ടർ തിരിച്ചയച്ചതായി (21/03/16 ലെ 15-7102/2010) കാണുന്നു. മേൽ അപാകതകൾ പരിഹരിച്ച് വാടക പുതുക്കി നിശ്ചയിക്കുന്നതിന് ഓഡിറ്റ് തിയ്യതി വരെയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി കാണുന്നില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ ചർച്ച നടത്തിയതായോ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതോ കാണുന്നില്ല.

പഞ്ചായത്ത് ഡയരക്ടറുടെ കത്ത് ലഭിച്ച് ഏഴ് മാസത്തിന്ശേഷം 28/10/2016 ന് അപാകതകൾ പരിഹരിച്ച് കരട് ബൈലോ അംഗീകരിച്ചതായി കാണുന്നുണ്ട്. എന്നാൽ ബൈലോയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കത്തിടപാടുകൾ നടത്തിയതായോ ഭരണസമിതി/ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തിയതായോ കാണുന്നില്ല.

സെക്ഷൻ എഴുതി സൂക്ഷിച്ച ബുക്കിംഗ് രജിസ്റ്റർ,വാടക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതായി ബോധ്യപ്പെട്ടില്ല. ഒരു ഡയറിയിലാണ് ബുക്കിംഗ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഡിമാന്റ് രജിസ്റ്ററിൽ വാടകവരവുമായി ബന്ധപ്പെട്ട തിയ്യതി, രസീത് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 18/10/2017 ന് ഏറാമല സർവ്വീസ് സഹകരണബാങ്ക് ഓർക്കാട്ടേരിയുടെ പരിപാടിക്ക് (പരിപാടി എന്തെന്ന് രേഖപ്പെടുത്തിയിട്ടില്ല) 2500 രൂപ അടച്ചതായി ബുക്കിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഡിമാന്റ് രജിസ്റ്ററിൽ വരവ് വെച്ചിട്ടില്ല. 20/01/18ന് ഒലീവ് കോളജ് ഫെസ്റ്റിന് 5500 രൂപ മാത്രം വാടക ഈടാക്കിയതിന്റെ കാരണവും വ്യക്തമല്ല. രജിസ്റ്ററുകൾ നാളിതുവരെ ഹെഡ്ക്ലർക്ക്, അസി.സെക്രട്ടറി, സെക്രട്ടറി എന്നിവരാരും പരിശോധിക്കാത്തതിനാൽ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾക്ക് ആധികാരികതയില്ല. സ്റ്റാന്റിംഗ് കമ്മിറ്റി മേൽ രജിസ്റ്ററുകൾ പരിശോധിക്കുകയോ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ ആയത് പരിഹരിച്ചും ന്യായമായ വാടക നിരക്കുകൾ ഏർപ്പെടുത്തിയും സുതാര്യമായി രേഖകൾ എഴുതിസൂക്ഷിച്ചും മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

തൊഴിൽ നികുതി ചുമത്തുന്നതും ഈടാക്കുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനങ്ങളിലെ മേധാവിയോട് തൊഴിലാളികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നികുതി നിശ്ചയിച്ച് ഈടാക്കുന്ന രീതി. (കേരള പഞ്ചായത്ത് രാജ് വകുപ്പ് 205(2)(3), 205 ബി,സി,ഡി)

സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിലുടമയോട് നികുതി നിശ്ചയിച്ച് ഈടാക്കി പഞ്ചായത്തിൽ അടയ്ക്കുന്നതിന് ആവശ്യപ്പെടുന്ന രീതി. (കേരള പഞ്ചായത്ത് രാജ് വകുപ്പ് 205(ഇ ) മുതൽ (കെ) വരെ)

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിന്റെ കണക്കുകൾ ആവശ്യപ്പെട്ട് നികുതി നിശ്ചയിച്ച് ബിൽ നൽകി അവരിൽ നിന്നും നേരിട്ട് നികുതി ഈടാക്കുന്ന രീതി (കേരള പഞ്ചായത്ത് രാജ് വകുപ്പ് 204, 205 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ )

ഏറാമല ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , റിട്ടേണുകൾ, ഇൻസ്റ്റിറ്റ്യൂഷൻ

രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.) തൊഴിൽനികുതി പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകേണ്ട സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തൻവർഷം എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അനുബന്ധ ഫയലുകൾ എന്നിവ സൂപ്പർവൈസിങ് ഓഫീസറായ ഹെഡ് ക്ലാർക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.)ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും ജീവനക്കാരുടെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഫോറം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

പോക്കർ ഹാജി മുതൽ 7 പേരുടെ ഉടമസ്ഥതയിലുള്ള 15/303 A,D നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡേ മാർട്ട് ഹൈപ്പർമാർക്കറ്റിൽ 8 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും റിട്ടേൺ ലഭ്യമാക്കുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ ധാരാളം സ്ഥാപനങ്ങൾ ഏറാമല ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ലൈസൻസ് അപേക്ഷകളിൽ നിന്നും വ്യക്തമാണ്. ഫീൽഡ് അന്വേഷണം നടത്തിയാൽ തൊഴിൽ നികുതി ഈടാക്കാവുന്ന നിരവധി സ്ഥാപനങ്ങളാണ് ഏറാമല ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്.

3.)ഡി &ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ച് ഫീൽഡ് അന്വേഷണം നടത്താതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

4.)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല. ഇത് കാരണം എല്ലാ കച്ചവടസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയാത്തതു വഴി പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടാവുന്നു.

5.)തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിൽ പരിധിയിൽ തൊഴിലിൽ ഏർപ്പെട്ട് വരുമാനം ആർജിക്കുന്ന ബിൽഡിങ്ങ് സൂപ്പർ വൈസർമാർ, ബിൽഡേഴ്സ് എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ചുമത്താവുന്ന ഇത്തരം വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഉദാഹരണം നെല്ലാച്ചേരി ബിൽഡേഴ്സ് & കോൺട്രാക്ടേഴ്സ്.

6)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)ആദിയൂർ ക്ഷീര സഹകരണ സംഘം

(2)വേദ വ്യാസ വിദ്യാപീഠം-സ്ഥാപന തൊഴിൽ നികുതി

(3)എം.ഇ.എസ് പബ്ലിക് സ്കൂൾ ഓർക്കാട്ടേരി

(4)എം.എം ഓർഫനേജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

(5)ഫാത്തിമ ഡെന്റൽ ക്ലിനിക്

(6) ഡോ. അനിൽ കുമാർ -ക്ലിനിക്

(7)നെല്ലാച്ചേരി കോൺട്രാക്ടേഴ്സ്

(8)ഡോ.അനിൽസ് ഡെന്റൽ ക്ലിനിക്

(09)സജദ ഡെന്റൽ ക്ലിനിക്-ഡോ.സൽമാൻ വി.

(10)ഓർക്കാട്ടേരി ട്രേഡിംഗ് കമ്പനി-ഓർക്കാട്ടേരി

(11)ഹാപ്പി ഡേ സൂപ്പർമാർക്കറ്റ്.

(12)ഡേ മാർട്ട് -സൂപ്പർമാർക്കറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്ന എന്നുറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

(1)<u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് അടിസ്ഥാനത്തിൽ തരം തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ ഫീൽഡ് പരിശോധന നടത്തിയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. സെക്രട്ടറി ഇത് സംബന്ധിച്ച ഓഫീസ് ഉത്തരവ് ഇറക്കിയതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ ഇക്കാര്യം ചർച്ചയ്ക്ക് വിധേയമാക്കുകയോ ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയോ ചെയ്തു കാണുന്നില്ല. ഭരണസമിതിയുടെ/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലിലൂടെ ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനംവർദ്ധിപ്പിക്കേണ്ടതാണ്

(2)വസ്തു നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ (ഡി.സി.ബി )തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(3) നിർമ്മാണം പൂർത്തിയായതിന് ശേഷം ഘടനാപരമായ മാറ്റങ്ങൾ വന്നിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി, നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(4)വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(5)ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കിയിട്ടില്ല.പെർമിറ്റ് രജിസ്റ്ററിൽ എഫ്.എ.ആർ, പ്ലിന്ത് ഏരിയ, കവറേജ് എന്നിവ രേഖപ്പെടുത്തുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ സെക്രട്ടറി രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നില്ല.

(6)ബിൽഡിംഗ് പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്ന

സംഗതികളിൽ കെട്ടിട ക്രമവത്കരണ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(7)റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട മേൽ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കേണ്ടത് സുതാര്യമായ കണക്കെഴുത്തിനും ലഭിക്കേണ്ട മുഴുവൻ വരുമാനവും പിരിച്ചെടുക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിനും അത്യാവശ്യമാണ്. ഇക്കാര്യം മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>പൊതുഭരണം - മേലുദ്യോഗസ്ഥർ,ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി എന്നിവർ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്ത് തൻവർഷം എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ, വൗച്ചറുകൾ,ഓഫീസ് ഓർഡർ,സ്റ്റാഫ്മീറ്റിംഗ് മിനുട്സ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തുടങ്ങിയവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ സുഗമവും സുതാര്യവുമായ നടത്തിപ്പിന് ആവശ്യമായ തരത്തിലുള്ള മേൽനോട്ടചുമതല , (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് മാനേജ്മെന്റ് മാന്വൽ കൂടി കാണുക) ഹെഡ്ക്ലർക്ക്, അസി.സെക്രട്ടറി, സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ നിർവ്വഹിക്കുന്നതായി കാണുന്നില്ല.

ഓരോ സെക്ഷന്റെയും കൃത്യമായ ജോലി വിശദമാക്കുന്ന ഓഫീസ് ഉത്തരവ് നിലവിലില്ല . ഓഫീസ് ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ കാണുന്നില്ല. പ്രതിമാസം സ്റ്റാഫ്മീറ്റിംഗ് വിളിച്ചു ചേർക്കുന്നില്ല.17-18 വർഷം 6 തവണ മാത്രമാണ് സ്റ്റാഫ്മീറ്റിംഗ് വിളിച്ചുചേർത്തത്. ഇതിൽ മൂന്ന് യോഗങ്ങളിലെ ചർച്ചയും തീരുമാനങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നതായും കാണുന്നില്ല.

സെക്ഷനുകൾ എഴുതി സൂക്ഷിക്കുന്ന പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. റണ്ണിംഗ് നോട്ട് എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായോ ചെയ്ത് കാണുന്നില്ല. ആദ്യം അപേക്ഷിച്ചവർക്കു തന്നെ ആദ്യം സേവനം നൽകുന്ന എന്ന് ഉറപ്പുവരുത്തുന്നതിനും അടിയന്തര പ്രാധാന്യമുള്ള തപാലുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും തീർപ്പാക്കാൻ കഴിയാത്ത തപാലുകളുടെ വിവരവും വിലയിരുത്തുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്നു. കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപത്തിന്റെ ബുക്കിംഗ് രജിസ്റ്റർ &ഡിമാന്റ് രജിസ്റ്റർ അപൂർണമാണ്.

വിവരാവകാശം, കോടതികളിൽ നിലവിലുള്ള കേസുകൾ എന്നിവയുടെ ഫയൽ, രജിസ്റ്ററുകൾ

എന്നിവ പരിശോധിച്ചതിൽ രജിസ്റ്ററുകൾ മേലുദ്യോഗസ്ഥൻ പരിശോധിച്ച് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. തൻവർഷം വിവരാവകാശപ്രകാരം 53 അപേക്ഷകൾ ലഭിച്ചതിൽ 22കേസുകളിൽ തീർപ്പാക്കിയ തിയ്യതി പോലും രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ പ്രകാരം 13 കേസുകൾ നിലവിലുണ്ട്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതാണ്.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി മേൽനോട്ടച്ചുമതലകൾ നിർവ്വഹിച്ചാലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 3-2 ക്ഷീര വികസനമേഖലയിലെ പദ്ധതി നിർവ്വഹണം

തൻ വർഷം ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി രണ്ട് പദ്ധതികൾ ക്ഷീരവികസന ഓഫീസർ നടപ്പാക്കിയിട്ടുണ്ട്.

വിശദാംശംങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം,പേര് | അടങ്കൽ | ചെലവ് |
|---|---|---|
| നം-2/2017-18<br>വനിതാക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 25000-വികസനഫണ്ട്<br>400000-ബ്ലോക്ക് വിഹിതം | 425000 |
| നം-3/2017-18<br>ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 25000-വികസനഫണ്ട്<br>450000 -ബ്ളോക്ക് വിഹിതം | 475000 |

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ വനിതാക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതിക്കായി 70 ഗുണഭോക്താക്കളെയും, ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതിക്കായി 17 ഗുണഭോക്താക്കളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. രണ്ട് പദ്ധതികളിലുമായി കുറിഞ്ഞാലിയോട്, ആദിയൂർ, വെള്ളികുളങ്ങര ക്ഷീരസംഘങ്ങളിൽ പാൽ അളന്ന ആകെ 311 ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപ ക്രമത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട് . ഇതിൽ ഗ്രമസഭ അംഗീകാരമില്ലാതെ 224 ഗുണഭോക്താക്കൾക്കും സഹായം നൽകിയതായി കാണുന്നു.

ക്ഷീരമേഖല നേരിടുന്ന പ്രധാന പ്രശ്നമായ ഉയർന്നകാലിതീറ്റവിലയ്ക്ക് പരിഹാരമെന്ന നിലയിലാണ് മേൽ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തദ്ധേശസ്ഥാപനത്തിലെ ആദിയൂർ ക്ഷീരോൽപാദക സംഘത്തിൽ 750 അംഗങ്ങളും, കുറിഞ്ഞാലിയോട് ക്ഷീരസംഘത്തിൽ 142 അംഗങ്ങളുമാണ് ഉള്ളത്. ഭരണ സമിതി അംഗീകരിച്ച അന്തിമ പദ്ധതിരേഖ പ്രകാരം രണ്ട് പ്രോജക്ടുകളിലുമായി ലഭ്യമാകുന്ന തുക സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉണ്ടായിട്ടും പദ്ധതികൾക്കായി ആകെ 87 ഗുണഭോക്താക്കളെ യാണ് ഗ്രാമസഭ വഴി അപേക്ഷ ക്ഷണിച്ചതിൽ ലഭിച്ചത് . ആയത് പദ്ധതിരൂപീകരണ നിർവ്വഹണ ഘട്ടങ്ങളിലൊന്നും തന്നെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 14-3-2018 ഭരണ സമിതി 12നമ്പർ തീരുമാനത്തിലൂടെ വെള്ളികുളങ്ങര ക്ഷീരസഹകരണ സംഘത്തിന്റെ കത്ത് പരിഗണിച്ച് സംഘത്തിൽ പാലളക്കുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും മിൽക്ക് ഇൻസെന്റീവ് നൽകിയത്

അംഗീകരിക്കാനും ലിസ്റ്റിന് ഗ്രാമ സഭകളുടെ അംഗീകാരം തേടാനും തീരമാനിച്ചിട്ടുണ്ട്. എന്നാൽ ലിസ്റ്റ് ഭരണ സമിതി മിനുട്സിൽ ചേർത്തിട്ടില്ല. വെള്ളികുളങ്ങര ക്ഷീരസംഘം ഒഞ്ചിയം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതിനാൽ മറ്റ് പഞ്ചായത്തിൽപ്പെട്ട ക്ഷീരകർഷകർക്കും പദ്ധതിയുടെ സഹായം ലഭിക്കാനിടയുണ്ട്. കൂടാതെ സമാന പ്രോജക്ട് ബ്ളോക്ക് പഞ്ചായത്ത് ഒഞ്ചിയം പഞ്ചായത്തിലും നടപ്പാക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഇരട്ട ധനസഹായം ലഭിക്കുന്നതിനും ഇടയുണ്ട്. പദ്ധതികൾക്കായി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നെങ്കിൽ (അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നോ അർഹർ ഒഴിവായിപ്പോയെന്നോ കരുതുന്നുവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയതിനുശേഷം മുൻഗണനക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരേ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കുന്ന സന്ദർഭത്തിൽ ഗ്രാമസഭയുടെ സാധൂകരണം തേടിയാൽ മതിയാകും. എന്നാൽ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാവണം. ഇവിടെ രണ്ട് പദ്ധതികളിലായി 9 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് ഗ്രമാസഭാ അംഗീകാരമുള്ള 87 ഗുണഭോക്താക്കളെ ഉണ്ടായുള്ളൂ എന്നതും ബാക്കി മുഴുവൻപേരെയും പദ്ധതിക്കായി പരിഗണിച്ചത് (എണ്ണം വ്യക്തമല്ല) ഗ്രാമസഭാ അംഗീകാരത്തോടെയല്ലാതെയാണ് എന്നതും പദ്ധതി രൂപീകരണ നിർവ്വഹണഘട്ടത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിക്കാവശ്യമായ എണ്ണം കണക്കാക്കുന്നതിലും, കണ്ടെത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പും, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും പരാജയപ്പെട്ടതാണ് ഇതിനിടയാക്കിയത്.

## 3-3 അന്തിമ പദ്ധതി രേഖ പ്രകാരം അംഗീകാരം നേടിയ പ്രേജക്ടുകൾ ഭാഗികമായി നടപ്പാക്കുന്നു.

മൃഗസംരക്ഷണ മേഖലയിൽ അന്തിമ പദ്ധതിരേഖ പ്രകാരം തൻവർഷം അംഗീകാരം നേടിയ പദ്ധതികൾക്കായി വകയിരുത്തിയ അടങ്കലും യഥാർത്ഥത്തിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരമുള്ള ചെലവും തമ്മിൽ വൻ അന്തരം ഉണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | അന്തിമപദ്ധതി രേഖപ്രകാരം വകയിരുത്തിയ തുക | റിവൈസ് ചെയ്തത് പ്രകാരം അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | മുട്ടകോഴി വളർത്തൽ (വനിതാഘടക പദ്ധതി) | 2247960 (1199960- വികസനഫണ്ട് 1048000- ഗുണഭോക്തൃ വിഹിതം) | 1142000 (570617- വികസനഫണ്ട്, 571000- തനത്ഫണ്ട്) | 399500 (199750- വികസനഫണ്ട്, 199750- ഗുണഭോക്തൃ വിഹിതം) |

| | | | | |
|---|---|---|---|---|
| 2 | കറവപശുവിതരണം (വനിതാഘടക പദ്ധതി) | 2500000 (750000- വികസനഫണ്ട്, 500000 ജില്ലാപഞ്ചായത്ത് ഫണ്ട്, 1250000- ഗുണഭോക്തൃ വിഹിതം) | 2050000 (750000- വികസനഫണ്ട്, 260000- ജില്ലാപഞ്ചായത്ത് ഫണ്ട്,1025000- ഗുണഭോക്തൃ വിഹിതം | 1400000 (440000- വികസനഫണ്ട്, 260000- ജില്ലാപഞ്ചായത്ത് ഫണ്ട്, 700000- ഗുണഭോക്തൃ വിഹിതം) |

തൻവർഷം വനിതാഘടക പദ്ധതിയായി രൂപീകരിച്ച പ്രോജക്ടുകളിലൊന്നായ മുട്ടകോഴി വിതരണം പ്രോജക്ടിൽ അന്തിമപദ്ധതിരേഖപ്രകാരം 2247960 രൂപ വകയിരുത്തിയതിൽ 399500 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.ഇതിൽ നിന്നും മേഖലയിലെ യഥാർത്ഥ ആവശ്യങ്ങൾ ഉൾക്കൊണ്ടല്ല പദ്ധതി രൂപീകരിച്ചത് എന്ന് വ്യക്തമാവുന്നു .സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് 1140 കുടുംബങ്ങൾ മാത്രമാണ് കേഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് എന്നിരിക്കെയാണ് 4795 പേർക്ക് 5 വീതം കോഴികളെ വിതരണം നടത്തുന്നതിനായി പ്രസ്തുത അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത്.മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാന വിവരങ്ങൾ പദ്ധതിരൂപീകരണത്തിൽ പരിഗണിക്കപ്പെട്ടില്ല. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണവും, കോഴിവളർത്തലിൽ താൽപ്പര്യം ഉണ്ടായി പദ്ധതിനടത്തിപ്പിനായി മുന്നോട്ടുവരാനിടയുള്ളവരുടെ എണ്ണവും കണക്കാക്കി ഓരാൾക്ക് സബ്സിഡിമാർഗ്ഗരേഖപ്രകാരം നൽകാവുന്ന പരമാവധി എണ്ണം കോഴികളെ വളർത്താൻ നൽകുന്നതരത്തിലായിരുന്നു പ്രോജക്ട് രൂപീകരിക്കേണ്ടിയിരുന്നത്.

ഇതേ പോലെ കറവപശു വളർത്തൽ പദ്ധതിക്കായി 2500000 രൂപ വകയിരുത്തിയതിൽ 1400000 രൂപ മാത്രം ചെലവഴിച്ച് പദ്ധതി ഭാഗികമായി മാത്രം നടപ്പാക്കപ്പെട്ടുകയായിരുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1512 സങ്കരയിനം പശുക്കളുള്ള ക്ഷീരമേഖല നേരിടുന്ന പ്രധാനപ്രശ്നം കാലിതീറ്റയുടെ ഉയർന്നവില, ജലലഭ്യതകുറവ് മൂലമുള്ള തീറ്റപ്പുല്ല് ലഭ്യതക്കുറവ് എന്നിവയാണ്. ആവശ്യത്തിന് ഉല്പാദനക്ഷമതയുള്ള ഉരുക്കൾ പഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള കർഷകർ നേരിടുന്ന പ്രധാന പ്രശനങ്ങൾക്ക് പരിഹാരമായായിരുന്നു പദ്ധതികൾ നടപ്പാക്കേണ്ടിയിരുന്നത്. കറവപശുവിതരണം പദ്ധതിക്കുള്ള വകയിരുത്തൽ കുറച്ച് തീറ്റപുൽകൃഷി, ജലസേചന സൗകര്യം ലഭ്യമാക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കേണ്ടതായിരുന്നു.

ആസൂത്രണസമിതി, സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, ഗ്രാമസഭാനിർദ്ദശങ്ങൾ, വികസന സെമിനാർ എന്നിങ്ങനെ വിവിധ ആസൂത്രണഘട്ടങ്ങളിലൂടെ മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുന്നവ. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ ഇതിൽ നിന്നും വിഭിന്നമായി പദ്ധതി നടപ്പിലാക്കപ്പെടുന്നത് ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വന്ന

പോരായ്മയാണ്. ആയത് മൃഗസംരക്ഷണ/ക്ഷീരവികസന വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ പ്രശ്നങ്ങളിൽ കൃത്യമായി ഇടപെട്ടിട്ടില്ല എന്ന് വ്യക്തമാക്കുന്നു. 25-2-2017 ന് ചേർന്ന പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പിൽ കൺവീനറായ വെറ്റിനറിസർജൻ പങ്കെടുത്തിട്ടില്ല. നിർവ്വഹണഘട്ടങ്ങളിലൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുകയോ പദ്ധതി നിർവ്വഹണത്തിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തത് വിലയിരുത്തുകയോ, പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മോണിറ്റർ ചെയ്യുകയോ കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല. പ്രൊജക്ട് രൂപീകരണഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന്റെപ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരന്തരം മോണിറ്ററിംഗ് നടത്തേണ്ടതും പരിഹാരനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## **3-4** ഭാഗികമായ റോഡ് പ്രവൃത്തി - സോളിങ് പ്രവൃത്തി മാത്രമായി നടപ്പിലാക്കി

2017 – 18 വർഷത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് പ്രവൃത്തികൾ ഭാഗികമായി നടപ്പാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക(രൂ) | ചെലവഴിച്ച തുക (രൂ) | ഫണ്ട് |
|---|---|---|---|---|---|
| 1. | 194/18 | വെള്ളാറതാഴ- നങ്ങേരിമുക്ക് റോഡ് സോളിങ്, ഓവ് ചാൽ നിർമ്മാണം | 4 ലക്ഷം | 376658 | MG(R) |
| 2. | 188/18 | കുഞ്ഞിപ്പറമ്പത്ത് മുക്ക് - വാഴയിൽ താഴെ റോഡ് സോളിങ് | 2 ലക്ഷം | 163900 | ധനകാര്യ കമ്മീഷൻ അവാർഡ് |

| പ്രോജക്ട് നമ്പർ | പൂർത്തീകരണ തിയ്യതി |
|---|---|
| 194 / 18 | 26/8/16 |

| 188 / 18 | 20/8/16 |
|---|---|

മേൽ പ്രവൃത്തികളിൽ സോളിങ് മാത്രമായാണ് റോഡ് പ്രവൃത്തി നടപ്പാക്കിയത് . ഇവ പിന്നീടുള്ള വർഷങ്ങളിൽ മെറ്റലിങ്, ടാറിങ് നടത്തിറോഡ് പ്രവൃത്തി പൂർണ്ണമാക്കുമ്പോഴേക്കും ആദ്യത്തെ സോളിങ് പ്രവൃത്തി നശിച്ചു പോകാനിടയുണ്ട്. ഓഡിറ്റ് തിയ്യതി വരെ മേൽ പ്രവൃത്തികളിൽ തുടർപ്രവൃത്തികൾ നടത്തിയിട്ടില്ല . ഇത്തരത്തിൽ ഭാഗികമായ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പൊതു പണത്തിന്റെ ദുർവ്യയത്തിന് ഇടയാകും. വർക്കിംഗ് ഗ്രൂപ്പ് സമഗ്രമായ പദ്ധതികൾക്ക് രൂപം നൽകുന്നുവെന്നും ഭാഗികമായതും വാർഡ് അടിസ്ഥാനത്തിലുമുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നില്ല എന്നും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് വിതരണം പൂർത്തിയായില്ല – ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റിയുടെ മേൽനോട്ടം ഫലപ്രദമല്ല

2017 – 18 വർഷത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ

താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.009/18 |
| പ്രോജക്ട് | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| വകയിരുത്തിയ തുക | 4 ലക്ഷം രൂ MG(NR) |
| ചെലവഴിച്ച തുക | 4 ലക്ഷം രൂ |
| ഭരണാനുമതി | 1(1)/9.5.2017 |
| ടി.എസ്.ബി ചെക്ക് നമ്പർ ,തുക | 748292 / 25.9.17 , 2 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ , തുക | 36/17-18 / 12.10.17 , 4 ലക്ഷം രൂ |
| മരുന്ന് വിതരണം ചെയ്ത ഏജൻസി | ഔഷധി |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം |

പദ്ധതി പ്രകാരം തുക കൈപ്പറ്റിയ വിതരണക്കാർ ആകെ 6 ലക്ഷം രൂപയുടെ മരുന്നുകൾ വിതരണം ചെയ്യേണ്ടതിൽ 524879 രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തിയ്യതി വരെ വിതരണം ചെയ്തിട്ടുള്ളൂ. 75121 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. കൂടാതെ ഇൻവോയ്സ് നമ്പർ 90062526തിയ്യതി 31.3.18 (ഇൻവോയ്സ് തുക 39449 രൂ ) പ്രകാരം ദൂഷി വിഷഹാരി ഗുളിക 1500 എണ്ണം വിതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും 500 എണ്ണം മാത്രമേ ഡിസ്പെൻസറിയിൽ ലഭിച്ചിട്ടുള്ളൂ.1180 രൂപയുടെ ഗുളിക ലഭിക്കാനുണ്ട്. ആശുപത്രിയിൽ യഥാസമയം മരുന്ന് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത്. ഇക്കാര്യങ്ങളിൽ ഭരണസമിതി/സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## 3-6 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം

(എ)സമ്പൂർണ മാലിന്യ സംസ്കരണ പദ്ധതി - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

ഏറാമല ഗ്രാമപഞ്ചായത്തിലെ ജൈവ അജൈവ മാലിന്യ സംസ്കരണം നടത്തുന്ന പദ്ധതിയാണ് ഇത്. IRTC എന്ന ഏജൻസിയാണ് സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് ഒരു വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നത്. ജൈവ അജൈവ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് എത്തിക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തിനാണ്. പ്ലാന്റ് പ്രവർത്തനത്തിന് ആവശ്യമായ തൊഴിലാളികളെ ഏജൻസി നിയമിക്കുന്നതാണ്. സംസ്കരണത്തിന് ശേഷമുണ്ടാകുന്ന ജൈവവളവും , പ്ലാസ്റ്റിക് ഉപോല്പന്നങ്ങളും വില്പന നടത്തുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തിനാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 014 /18 |

| | |
|---|---|
| പ്രോജക്റ്റ് | സമ്പൂർണ മാലിന്യ സംസ്കരണ പദ്ധതി - തുക IRTCക്ക് കൈമാറൽ. |
| ഭരണാനുമതി , അടങ്കൽ | 1(1)/29.05.2017 , 1861760 രൂ |
| വികസനകാര്യ സ്റ്റാ.ക ശുപാർശ,<br>ശുപാർശ ചെയ്ത അടങ്കൽ | 1(1)/3.6.17 ക്രമനമ്പർ 27,<br>1861760 രൂ |
| സാങ്കേതികാനുമതി | ശുചിത്വമിഷൻ എക്സി.ഡയറക്ടറുടെ<br>27.3.17ലെ 1031(5)/സി1/2013/എസ്.എം നമ്പർ കത്ത് പ്രകാരം ,<br>തുക 2841760 രൂ |
| വകയിരുത്തിയ തുക | 247860 രൂ |
| ചെലവഴിച്ച തുക | 247860 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| വകയിരുത്തിയ തുക | 1613900 രൂ |
| ചെലവഴിച്ച തുക | 1613900 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 4/11.7.17 , 247860 രൂ |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 5/11.7.17 , 1613900 രൂ |
| പ്രോജക്ട് നിർവ്വഹണ ഏജൻസി | IRTC , മുണ്ടൂർ , പാലക്കാട്. |
| നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭിച്ച രശീതുകൾ | 260/11.7.17 , 1613900 രൂ. ക്ക്<br>261/11.7.17 , 247860 രൂ.ക്ക് |
| നിർവ്വഹണ ഏജൻസിയുമായി ഒപ്പുവെച്ച കരാറിന്റെ വിശദാംശങ്ങൾ | 1.കരാർ തിയ്യതി 19.7.17<br>(2841760 രൂ.യുടെ പ്രവൃത്തികൾക്ക്. കരാർ നമ്പർ ഇല്ല ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത് |

മേൽ പ്രോജക്ടിന്റെ രണ്ടാംഘട്ടം എന്നപേരിൽ താഴെപ്പറയുന്ന ഒരു പ്രോജക്ട് കൂടി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 019 /18 |
| പ്രോജക്ട് | സമ്പൂർണ മാലിന്യ സംസ്കരണ<br>പദ്ധതി - രണ്ടാംഘട്ടം - തുക<br>IRTC ക്ക് കൈമാറൽ |
| വകയിരുത്തിയ തുക | 115000 രൂ |
| ചെലവഴിച്ച തുക | 115000 രൂ |

| ഫണ്ട് | വികസനഫണ്ട് |
|---|---|
| ഭരണാനുമതി ,തിയ്യതി, അടങ്കൽ | 1(1)/9.5.17 , 1150000 രൂ |
| വികസനകാര്യ സ്റ്റാ.ക ശുപാർശ, തുക | 1(1)/3.6.17 , ക്രമനമ്പർ 32 , 1150000 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി, തുക | 52/21.3.18 ,1150000 രൂ |
| നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭിച്ച രശീത് നമ്പർ | 622 / 22.3.18 , 1150000 രൂ |
| നിർവ്വഹണ ഏജൻസിയുമായി വെച്ച കരാർ നമ്പർ , തിയ്യതി | നം ഇല്ല , തിയ്യതി 12.03.2018, തുക 1150000 രൂ |

2016 -17 വർഷത്തിൽ അനുവദിച്ച 980000 രൂപ ( ബ്ലോക്ക് വിഹിതം - സ്പെഷൽ TSB ചെക്ക് നമ്പർ 0480301/30.03.17, രശീത് നമ്പർ 182 / 31.3.17) അടക്കം പ്ലാന്റ് സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി പ്രകാരമുള്ള 2841760രൂപയും ചെലവാക്കിയിട്ടുണ്ട്. ഇതിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാണ് 1150000 രൂ (കരാർ പ്രകാരമുള്ള തുക) കൈമാറിയത്. നടത്തിപ്പിന്റെ കാലാവധി കഴിയുമ്പോൾ IRTC പ്ലാന്റ് പ്രവർത്തനക്ഷമമായ രീതിയിൽ പഞ്ചായത്തിന് കൈമാറുന്നതാണ്. 24/07/2018 ന് പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ പ്ലാന്റ് നേരിൽ പരിശോധിച്ചതിൽ താഴെപ്പറഞ്ഞ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മേൽ പരാമർശിച്ച മുഴുവൻ തുകകളും നിർവ്വഹണ ഏജൻസിക്ക് കൈമാറിക്കഴിഞ്ഞെങ്കിലും ജൈവ/അജൈവമാലിന്യസംസ്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്ലാന്റിലെത്തിക്കുന്ന മാലിന്യത്തിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി വേർതിരിക്കുന്ന പ്രവൃത്തി മാത്രമേ നിലവിൽ ഇവിടെ നടക്കുന്നുള്ളൂ. ഇതു തന്നെ തൊഴിലാളികൾ യന്ത്രസഹായമില്ലാതെയാണ് ചെയ്ത്പോരുന്നത്.

2. പ്ലാന്റിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല . വൈദ്യുതി കണക്ഷൻ നൽകേണ്ടത് കരാർ (12.3.18 ലേത്)പ്രകാരം പഞ്ചായത്തിന്റെ ചുമതലയാണ്. ഇക്കാരണത്താൽ പ്ലാന്റിനാവശ്യമായ പല യന്ത്ര സാമഗ്രികളും ഇൻസ്റ്റാൾ ചെയ്യാൻ കഴിയാതെ പ്ലാന്റിന് അടുത്തുള്ള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ചിരിക്കുകയാണ്. (ഉദാ. Sieve , Shredder മുതലായവ) . വൈദ്യുതി കണക്ഷനില്ലെങ്കിലും സ്ഥാപനത്തിന്റെ ഒരു വർഷത്തേക്കുള്ള വൈദ്യുത ചാർജ്ജ് തുക ഏജൻസിക്ക് നല്കിയിട്ടുണ്ട്.

3. റീട്ടെയിനിംഗ് വാൾ നിർമ്മാണത്തിന് വേണ്ടി ഏജൻസിക്ക് തുക നല്കിയിട്ടുണ്ടെങ്കിലും ആയത്

നിർമ്മിച്ചതായി സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

4. പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് പുറകിലായാണ് പ്ലാന്റ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് . വയൽപ്രദേശം നികത്തിയാണ് പ്ലാന്റ് കെട്ടിടങ്ങൾ സ്ഥാപിച്ചത്.

5.കെട്ടിടങ്ങളുടെ ചുറ്റുവട്ടത്ത് മുഴുവൻ പ്ലാസ്റ്റിക് കവറുകളിലും മറ്റുമായി ഉപേക്ഷിച്ച മാലിന്യം ചിതറി കിടക്കുകയാണ്. ആയതിനാൽ ഈ പ്രദേശങ്ങൾ നായ്ക്കളുടെ ശല്യവും രൂക്ഷമാണ്.

6. ബയോ ഗ്യാസ് പ്ലാന്റിനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ചാണകത്തിന്റെ ദൗർലഭ്യമാണ് കാരണമായി സ്ഥലപരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ ചാണകത്തിനു വേണ്ട തുകയും മേൽപട്ടിക പ്രകാരം നിർവ്വഹണ ഏജൻസിക്ക് നല്കിയിട്ടുണ്ട്.

പ്രൊജക്ട് വിഭാവനം ചെയ്തതരത്തിൽ പ്ലാന്റിന്റെ പ്രവർത്തനം നടക്കുന്നുവെന്നും പദ്ധതിപണം പാഴാകുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിരന്തര ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്.

(ബി) തുക വകയിരുത്തിയെങ്കിലും പ്രോജക്ടുകൾ നടപ്പായില്ല

2017 – 18 വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | 144 |
| തുക ചെലവഴിച്ച പ്രോജക്ടുകളുടെ എണ്ണം | 74 |
| ശതമാനം | 51% |

| | |
|---|---|
| ആകെ വകയിരുത്തിയ തുക | 87399120 |
| ചെലവഴിച്ച തുക | 33152067 |
| ശതമാനം | 37.9% |

31.08.2017 ലെ 7/19 നമ്പർ തീരുമാന പ്രകാരം 2017 – 18 വർഷത്തെ

പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 ലക്ഷം രൂപക്ക് മുകളിലുള്ള ഇ – ടെണ്ടർ ചെയ്യേണ്ട എല്ലാ വർക്കുകളും അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. ഇപ്രകാരം തെരഞ്ഞെടുത്തത് ULCCS എന്ന ഏജൻസിയെ ആയിരുന്നു. എന്നാൽ മുൻവർഷങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ കുടിശ്ശിക തുകയായ 1836000 രൂപ ലഭിച്ച ശേഷം മാത്രമേ (തനത് ഫണ്ട് വൗച്ചർ നമ്പർ 21700974 തിയ്യതി 20.2.18 ) ഏജൻസി പുതിയ പ്രവൃത്തികൾ ഏറ്റെടുത്തുള്ളൂ. ആയതിനൽ17-18 വർഷത്തിൽ ടി ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികളൊന്നും

പൂർത്തീകരിക്കാനായിട്ടില്ല. 5 ലക്ഷം രൂപക്ക് താഴെ എസ്റ്റിമേറ്റ് ഉള്ള ചില പ്രവൃത്തികൾ ടെണ്ടർ/റീടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ആയതും ULCCSഏജൻസിയെ തന്നെ ഏല്പിക്കേണ്ടി വന്നു . ഇക്കാരണങ്ങളാൽ മൊത്തം ചെലവ് വൻതോതിൽ കുറയാൻ ഇടയായി . ഈ സാഹചര്യങ്ങളിലൊന്നും തന്നെ സക്രിയമായി ഇടപെടാൻ പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പിനോ, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്കോ സാധിച്ചില്ല. 2017 – 18 വർഷത്തെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ആകെ 3 പ്രാവശ്യമാണ് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്നത് . ഇതിൽ തന്നെ പ്രോജക്ടുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതയി മിനുട്സ് ബുക്കിൽ കാണുന്നില്ല. മാത്രമല്ല പ്രവൃത്തികളുടെ മോണിറ്ററിങും നടന്നിട്ടില്ല. ഇത് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽനോട്ടം ഫലപ്രദമായിരുന്നില്ല എന്ന് ചൂണ്ടിക്കാണിക്കുന്നു.

## 3-7 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

1-വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി മോണിറ്റർ ചെയ്തതായി കാണുന്നില്ല. അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം വിളിച്ചുചേർക്കേണ്ടത് കൺവീനറായ നിർവ്വഹണ ഉദ്യാഗസ്ഥനാണെങ്കിലും വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന കൃഷി, മൃഗസംരക്ഷണം /ക്ഷീരവികസനം, പാർപ്പിടം, പൊതുമരാമത്ത് തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി പ്രവർത്തിക്കുന്നു എന്നും പദ്ധതി രൂപീകരണം സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കൽ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റിമോണിറ്റർ ചെയ്തിട്ടില്ല . പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലുപരിയായി ഓരോപ്രോജക്ടുകളുടെ നിർവ്വഹണ രീതി,ഗുണഭോക്താക്കളെ കണ്ടെത്തൽ വാങ്ങിനൽകേണ്ട സാധനങ്ങളുടെ എണ്ണം, അളവ്, ഗുണ നിലവാരം ഉറപ്പിക്കൽ എന്നിവയും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാനുള്ള ശ്രമങ്ങളൊന്നും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാവാത്തത് വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. ക്ഷീര വികസനമേഖലയിലെ മിൽക്ക് ഇൻസെന്റീവ് നൽകാനുള്ള പദ്ധതിക്ക് ഗ്രാമസഭ വഴി വളരെ കുറച്ച് അപേക്ഷകരേ തെരെഞ്ഞെടുത്തിട്ടുള്ളൂ എന്നത് പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ടത്തിൽ മാത്രം തിരിച്ചറിയാനിടയായത് ഇത്കാരണമാണ്. അതേ പോലെ മുട്ടകോഴിവിതരണം, കറവപശു വിതരണം എന്നീ പ്രോജക്ടുകളും ഗുണഭോക്താക്കളില്ലാതെ ഭാഗികമായി മാത്രം നടപ്പാക്കാനിടയായത് ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിൽ വന്ന അപാകതയും ആയത് സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം അവലോകനം നടത്താത്തതുമാണ്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ രൂപീകരിച്ച് നടപ്പാക്കിയ പദ്ധതികളും, വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാർപ്പിട മേഖലയിലെ പ്രോജക്ടുകളുടെയും നിർവ്വഹണം കാര്യക്ഷമമായിരുന്നു.കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 20 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയും 18 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത നെൽവയലുമുണ്ട് ഇവ കൂടി കൃഷിയോഗ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ കൂടി പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നടത്തേണ്ടതുണ്ട്. യഥാർത്ഥ്യബോധത്തോടെയുള്ള പദ്ധതി രൂപീകരണവും ,കൃത്യമായ നടത്തിപ്പും സാധ്യമാവുന്നതിന് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ്

റിപ്പോർട്ട് പരിഷ്കരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് സ്റ്റാറ്റിംഗ് കമ്മിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയാൽ മാത്രമേ പദ്ധതി നിർവ്വഹണം വിജയത്തിലെത്തൂ.

2-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഅവലോകനം

ഏറാമല ഗ്രാമപഞ്ചായത്തിൽ 18.03.2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്.ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കാവുന്നതും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ആയതിലേക്ക് ക്ഷണിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാൻ സാധ്യതയുള്ള പുതിയ വരുമാന സ്രോതസ്സുകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി ഫീൽഡ് അന്വേഷണം നടത്തി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി ആയത് പിരിച്ചെടുക്കുന്നതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. നികുതികളുടെയും ഫീസുകളുടെയും പ്രതിമാസ പിരിവിന്റെ അവലോകനം, പ്രതിമാസ വരവ് ചെലവുകളുടെ സംഗ്രഹം പരിശോധിക്കൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ നടത്തുന്നുണ്ട്.പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകളുടെ അഭാവം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

രജിസ്റ്ററുകളുടെയും രേഖകളുടെയും കൃത്യമായ സൂക്ഷിപ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ഫ്രണ്ട് ഓഫീസ് വഴി കൃത്യമായി ലഭ്യമാകുന്നുണ്ടോ എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ പരിശോധിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് വഴി കൃത്യമായി സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ അവലോകനം നടത്തേണ്ടതാണ്.

3-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചേയർപേഴ്സൺ ഉൾപ്പെടെ ആകെ 4 അംഗങ്ങളാണ് ഉള്ളത്. ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റി 2017-18 വർഷം 14യോഗങ്ങൾ ചേർന്നിട്ടുണ്ട്. തൻവർഷം42

തീരുമാനങ്ങൾ ഈ യോഗങ്ങളിൽ പാസാക്കിയിട്ടുണ്ട്. ആകെ അംഗീകരിച്ച 42തീരുമാനങ്ങളിൽ 2 തീരുമാനങ്ങൾ ഒഴിച്ച് ബാക്കിയെല്ലാം ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടാണ്. 2017-18 വർഷം ചേർന്ന 14യോഗങ്ങളിൽ മിക്കതിലും മെമ്പർമാരുടെ പ്രാതിനിധ്യം പേരിനുമാത്രമായി ചുരുങ്ങിയിട്ടുണ്ട്. 16.09.2017 ന് ചേർന്ന യോഗത്തിൽ മെമ്പർമാർ ആരും തന്നെ പങ്കെടുത്തിട്ടില്ല. 09.06.2017 ന് ചേർന്ന യോഗത്തിൽ 2017-18 വർഷത്തെ വാർഷിക പദ്ധതികൾ സംബന്ധിച്ച് അജണ്ട എഴുതി വച്ചതല്ലാതെ ചർച്ചയോ, തീരുമാനമോ ഒന്നുംതന്നെ കൈക്കൊണ്ടിട്ടില്ല.

സാമൂഹ്യനീതി, ദാരിദ്ര്യലഘൂകരണം, വനിതാവികസനം, പട്ടികജാതിവികസനം എന്നീ സുപ്രധാന മേഖലകളുടെ ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്നിട്ടുള്ള തീരുമാനങ്ങൾ ചർച്ച ചെയ്യുകയോ, അംഗീകരിക്കുകയോ ഭരണ സമിതിക്ക് ശുപാർശ നൽകുകയോ ചെയ്തിട്ടില്ല. ഓരോ പദ്ധതിക്കും ആവശ്യമായ അടങ്കൽ തുക നിശ്ചയിക്കുകയോ, പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ മേൽനോട്ടം വഹിക്കുകയോ, മോണിറ്ററിംഗ് നടത്തുകയോ ചെയ്യാത്തതുകാരണം പദ്ധതികൾ പലതിനും ആവശ്യത്തിലധികം പണം നീക്കിവെക്കുന്നതിനും പദ്ധതി പൂർത്തീകരണം നിശ്ചിത സമയത്തിനകം ചെയ്ത് തീർപ്പാക്കാത്തതിനും ഇടവന്നിട്ടുണ്ട്.

സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെയും, പട്ടികജാതിക്കാരുടെയും, വനിതകളുടെയും, കുട്ടികളുടെയും ക്ഷേമം മറ്റേത് പ്രവർത്തനങ്ങളെക്കാളും പ്രാധാന്യം അർഹിക്കുന്നതിനാൽ ഇവയുടെ ചുമതലയുള്ള പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിന്റെ പ്രവർത്തനം മാതൃകാപരമാക്കിത്തീർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പട്ടികജാതി വികസനപദ്ധതികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 13ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തീകവർഷം നടപ്പിലാക്കിയ പദ്ധതികളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസനസെമിനാർ മിനുട്സ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം, പദ്ധതി അംഗീകരിച്ച ഭരണസമിതി തീരുമാനം, നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

| പ്രോജക്ടിന്റെ പേര് / നം | അടങ്കൽ | ചെലവ് തുക | നിർവ്വഹണോദ്യാഗസ്ഥ | അപാകതകൾ |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം. 22/2018 | 2,70,000/- (വികസന ഫണ്ട്) 10,000/- (തനത് ഫണ്ട്) | 2,70,000/- (വികസന ഫണ്ട്) ബിൽനം 7/2018 തീയ്യതി. 21.03.2018 | അസി. സെക്രട്ടറി | 1)പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോ ക്താക്കളുടെ എണ്ണം 8 ആണ് (ഭരണസമിതി തീരുമാനം 31.8.2017.) |

| | | | | |
|---|---|---|---|---|
| | | | | എന്നാൽ 9 ഗുണഭോക്താക്കൾക്ക് തൻവർഷം ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.<br>2)തനത് ഫണ്ടിൽ 10,000/-രൂപ വകയിരുത്തിയെങ്കിലും ചെലവ് ഒന്നും തന്നെനടത്തിയിട്ടില്ല.<br>3)ഗുണഭോക്താക്കളിലെരാളായ ശ്രീ.രാഹുൽ.വി.കെ . വയമ്പലേരികുനി, കുന്നുമ്മക്കര എന്നയാൾ ലാപ്ടോപ്പ് കൈപ്പറ്റിയതിന്റെ രശീത് ഇല്ല. |
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.27/2018 | 5,00,000/- (വികസന ഫണ്ട് -എസ്.സി.പി) | 1,50,000/-ബിൽനം.3/ 2017-18.23.02.2018., 5/2017-18 21.03.2018 | ,, | 1)31.08.2017 ലെ ഭരണ സമിതി തീരുമാനം നം 9 പ്രകാരം ആകെ 16 ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം 3 ഗുണഭോക്താക്കൾക്ക് മാത്രമേആനുകൂല്യം നല്കിയിട്ടുള്ളൂ.<br>2) തൻവർഷം 50,000 വീതം ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളും പ്രവർത്തി പൂർത്തികരിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| മെറിറ്റോറിയസ് പ്രൊഫഷനൽ വിദ്യാർത്ഥികൾക്ക് ധനസഹായം 151/18 | 1,50,000/- (വികസനഫണ്ട്) | 80,0000/- (വികസനഫണ്ട്) 8/2017-18 , 23.03.2018 | ,, | 20.01.2017ലെ തീരുമാനം നം2(1)17പ്രകാരം പ്രസിദ്ധീകരിച്ച പഞ്ചായത്ത്തല പട്ടികജാതി വികസനസ്റ്റാസ്റ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ പ്രൊഫഷനൽ കോഴ്സിന് പഠിക്കുന്ന എസ്സ്.സി വിദ്യാർത്ഥികളില്ല. സ്റ്റാസ്റ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലെ അപാകത കാരണം പ്രൊജക്ടിന് വകയിരുത്തേണ്ട തുകയെപ്പറ്റി വ്യക്തത ഇല്ലാത്തതിനാൽ വകയിരുത്തിയ തുകയിൽ നല്ലൊരു ഭാഗംവും ലാപ്സ് ആകുന്നതിന് ഇടവരുത്തി. |

<u>പൊതുവായ അപാകതകൾ</u>

1)ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണം, തുകവകയിരുത്തൽ, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ കാര്യങ്ങൾ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്യുകയോ, തീരുമാനമെടുക്കുകയോ, അംഗീകരിക്കുകയോ, ഭരണസമിതിക്ക് ശുപാർശചെയ്യുകയോ ചെയ്യതിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും നിർവ്വഹണോദ്യാഗസ്ഥനുമായ അസി.സെക്രട്ടറി പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി യോഗം , വികസനസെമിനാർ എന്നിവയിൽ പങ്കെടുത്തിട്ടില്ല.

3) നിർവ്വഹണോദ്യാഗസ്ഥനായ അസി.സെക്രട്ടറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.
പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിന് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിരന്തര മേൽനോട്ടവും ഇടപെടലും ഉറപ്പാക്കേണ്ടതാണ്.

## 3-9 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 13ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തീകവർഷം നടപ്പിലാക്കിയ പദ്ധതികളിൽ മേഖലാ വിഭജനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന ദാരിദ്രലഘൂകരണവുമായിബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

| പ്രോജക്റ്റിന്റെ പേര്/ നം | അടങ്കൽ | ചെലവ് തുക | നിർവ്വഹണോദ്യാഗസ്ഥ | അപാകതകൾ |
|---|---|---|---|---|
| വീട് വാസയോഗ്യമാക്കൽ 106/2018 | 7,50,000/- (വികസന ഫണ്ട്- എസ്.സി.പി- 5,50,000/-) ( 2,00,000/- (തനത് ഫണ്ട്) | 3,00,000/- (വികസന ഫണ്ട്) ബിൽനം 6/2018 തീയ്യതി. 6.01.2018, 10/2017-18. 17.01.2018., 11/2017-18. 30.01.2018, 18/2017-18. 31.01.2018. | വി.ഇ.ഒ. | 1)പദ്ധതിയുടെ രൂപീകരണം, തുക വകയിരുത്തൽ, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ കാര്യങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്യുകയോ, തീരുമാനമെടുക്കുകയോ അംഗീകരിക്കുയോ, ഭരണസമിതിക്ക് ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല<br>2) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 5.2.2017ലെവർക്കിംഗ് ഗ്രൂപ്പ്. 09.6.2017 ലെ വികസന സെമിനാർ എന്നിവയിൽ കൺവീനർ പങ്കെടുത്തിട്ടില്ല.<br>3).പദ്ധതിക്ക് |

| | | | | |
|---|---|---|---|---|
| | | | | 7,50,000/-രൂപ തൻവർഷം വകയിരുത്തിയെങ്കിലും 3,00,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. തനത് ഫണ്ടിൽ നിന്ന് തുകയൊന്നും തന്നെ ചെലവഴിച്ചിട്ടുമില്ല.<br>4) പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം 31.03.2018 ന് പ്രവൃത്തി പൂർത്തീകരിക്കണമെങ്കിലും ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളൂ. ഇതെല്ലാം പദ്ധതി നടത്തിപ്പിലെയും മേൽനോട്ടത്തിലെയും, മോണിറ്ററിംഗിലെയും വിഴ്ചയാണ് |

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ സജീവമായ ഇടപെടൽ അനിവാര്യമാണ്.

## 3-10 സാമൂഹ്യനീതി, വനിതാവികസനം - ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 13 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തീകവർഷം നടപ്പിലാക്കിയ പദ്ധതികളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന സാമൂഹ്യനീതി, വനിതാവികസനം എന്നിവയുമായിബന്ധപ്പെട്ട പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നിവയുടെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസനസെമിനാർ മിനുട്സ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം, പദ്ധതി അംഗീകരിച്ച ഭരണസമിതി തീരുമാനം, നിർവ്വഹണത്തിന്റെ

ഫയൽ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് /നം | അടങ്കൽ | ചെലവ് തുക | നിർവ്വഹണ ഉദ്യോഗസ്ഥ | അപാകതകൾ |
|---|---|---|---|---|
| ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് 22/2018 | 7,50,000/- (വികസന ഫണ്ട്) 10,000/- (തനത് ഫണ്ട്) | 6.45,000/- (വികസന ഫണ്ട്) | ഐ.സി. ഡി, എസ് സൂപ്പർ വൈസർ. | 1)പദ്ധതിയുടെ രൂപീകരണം, തുകവകയിരുത്തൽ, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റി ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ അംഗീകരിക്കുയോ, ഭരണസമിതിക്ക് ശുപാർശ ചെയ്യുകയോ ചെയ്തതിട്ടില്ല. 2)പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25.2.2017 ലെ വർക്കിംഗ് ഗ്രൂപ്പിലൊ, 5.06.2017ന് ചേർന്ന വികസന സെമിനാറിലൊ<br><br>മേൽ പദ്ധതിയിൻമേൽ ചർച്ചയോ, തീരുമാനമോ ഉണ്ടായിട്ടില്ല.<br><br>കൂടാതെ വർക്കിംഗ് ഗ്രൂപ്പിൽ കൺവീനറായ നിർവ്വഹണോദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. |
| ബഡ്സ് സ്കൂൾപരിപാലനം. | 7,00,000/- (300000 | 437241/- | ,, | 1) പദ്ധതിയുടെ രൂപീകരണം, |

| | | | | | |
|---|---|---|---|---|---|
| .11/2018 | വികസന ഫണ്ട്, 50000 തനത് ഫണ്ട്, 3,50,000 വിദ്യാഭ്യാസ വകുപ്പ് ഗ്രാന്റ്) | (3,00,000/- വികസന ഫണ്ട് 137,241 വിദ്യാഭ്യാസ വകുപ്പ് ഗ്രാന്റ്) ബിൽനം. | | തുകവകയിരുത്തൽ, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ കാര്യങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്യുകയോ, തീരുമാനമെടുക്കുകയോ, അംഗീകരിക്കുയോ, ഭരണസമിതിക്ക് ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല.<br>2)ആകെ വകയിരുത്തിയ 700000/-രൂപയിൽ 4,37,241രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. കൂടാതെ വകയിരുത്തിയ തനത്ഫണ്ട് തുകയായ 50,000രൂപയിൽ ഒന്നും തന്നെചെലവഴിച്ചിട്ടില്ല. തുക വകയിരുത്തുന്നതിലെ പോരായ്മയാണ് ഇത് കാണിക്കുന്നത് | |
| ശിശുമന്ദിരം-പോഷകാഹാരം<br>80/18 | 3,00,000/- (വികസന ഫണ്ട്) | 3,00,000/- (വികസന ഫണ്ട്)<br>2/2017-18 , 29.08.2017, 13/2017-18 31.10.2017, 17/2017-18. | ,, | 1)പദ്ധതിയുടെരൂപീകരണം, തുകവകയിരുത്തൽ, നിർവ്വഹണം,മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ കാര്യങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്യുകയോ, തീരുമാനമെടുക്കുകയോ, അംഗീകരിക്കുയോ, | |

| | | | | |
|---|---|---|---|---|
| | | 20.01.2018, 21/17-18. 19.03.2018. | | ഭരണസമിതിക്ക് ശുപാർശചെയ്യുകയോ ചെയ്യതിട്ടില്ല.<br>2).പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25.2.2017ലെ, വർക്കിങ്ങ് ഗ്രൂപ്പിലൊ, 506.2017 ന് ചേർന്ന വികസന സെമിനാറിലോ മേൽ പദ്ധതിയെപ്പറ്റി ചർച്ചയോ, തീരുമാനമോ ഉണ്ടായിട്ടില്ല.<br>3)മേൽ പദ്ധതിയുടെ നടത്തിപ്പിൽ പ്രൊജക്റ്റിൽ ഉൾപ്പെ ത്താതെ 2606/-രൂപ ചെലവഴിച്ചിട്ടുണ്ട് . (ചെക്ക്നം.86309 തീ.23.03.18 ഏറാമല സർവ്വീസസ് സഹകരണബാങ്ക്) മതിയായേ തുക വകയിരുത്തുന്നതിലെ പോരായ്മയാണ് ഇത് കാണിക്കുന്നത്. |
| ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ 146/18 | 10,000 (തനത്ഫണ്ട്) | 4332/-(ചെക്ക് നം.302034 തീ.28.03.18 ഏറാമല സർവ്വീസ് | ,, | 1)പദ്ധതിയുടെ രൂപീകരണം, തുക വകയിരുത്തൽ, നിർവ്വഹണം, മേൽനോട്ടം ലക്ഷ്യ പ്രാപ്തി എന്നീ |

| | | | | |
|---|---|---|---|---|
| | | സഹകരണ ബാങ്ക്) | | കാര്യങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ, അംഗീകരിക്കുയോ, ഭരണസമിതിക്ക് ശുപാർശചെയ്യുകയോ ചെയ്തിട്ടില്ല.<br>2)തൻവർഷം 4332/- രൂപയ്ക്ക് ത്രിവേണി സൂപ്പർമാർക്കറ്റ് വടകരയിൽ നിന്ന് 2 രജിസ്റ്ററുകൾ വാങ്ങിയതല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും മേൽ പ്രോജക്ടിനമായി ബന്ധപ്പെട്ട് നടത്തി യിട്ടില്ല. പദ്ധതി ആസൂത്രണത്തിലെ പിഴവാണ് ഇത് കാണിക്കുന്നത്. |

കുടുംബശ്രീ -ആശ്രയ വീട് നിർമ്മാണം - വരവ് ചെലവ് കണക്ക് ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിലുള്ള ജോയിന്റ് എക്കൌണ്ടിലേക്ക് (എക്കൌണ്ട് നം-4407220083145 സിൻഡിക്കേറ്റ് ബേങ്ക് ഓർക്കാട്ടേരി) 30.03.2017 ന് ആശ്രയ വീട് നിർമ്മാണത്തിന് വേണ്ടി 8,00,000 രൂപ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക കുടുംബശ്രീയുടെ ക്യാഷ് ബുക്കിൽ വരവ് വന്നിട്ടില്ല. മേൽ 8,00,000 രൂപയിൽ 2017-18 സാമ്പത്തിക വർഷം ആശ്രയ വീട് നിർമ്മാണത്തിന് വേണ്ടി സതി.ടി.ടി..കെ എളന്തോടത്ത് താഴകുനി എന്നവർക്ക് 1,75,000 രൂപയും (ചെക്ക് നം-678825 തിയ്യതി.20.12.2017 )മാധവി, ഓച്ചകുനി മുയിപ്ര എന്നവർക്ക് 3,25,000 രൂപയും (ചെക്ക് നം-678829 തിയ്യതി.14.03.2018, ചെക്ക് നം-678827 തിയ്യതി.12.01.2018, ചെക്ക് നം-678826 തിയ്യതി.09.01.2018), മാണി മീത്തലെ ചാലിൽ, കാർത്തികപ്പള്ളി എന്നവർക്ക് 100000 രൂപയും ( ചെക്ക് നം-678828 തിയ്യതി.22.01.2018)ചേർത്ത് ആകെ 600000രൂപ മേൽ തുകയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 600000 രൂപയുടെ ചെലവ് വിവരവും

ചെലവഴിച്ചത് ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.കുടുംബശ്രീ ചെയർ പേഴ്സൺ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും ഇക്കാര്യം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 85000 | നെൽകൃഷിക്ക് കൂലിചെലവ് | 85000 | |
| ജില്ലാപഞ്ചായത്ത് | | 260000 | കറവ പശു വിതരണം | 260000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 175000 | ഭിന്നശേഷി സ്കോളർഷിപ്പ് | 157500 | |
| ജില്ലാപഞ്ചായത്ത് | | 75000 | ഭിന്നശേഷി സ്കോളർഷിപ്പ് | 75000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | അംഗൻവാടിപോഷകാഹാരം | 100000 | |
| ജില്ലാപഞ്ചായത്ത് | | 495000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 345000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 400000 | വനിതാ ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 400000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 450000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 450000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. ഓർക്കാട്ടേരി | തെരുവിവിളക്ക് ലൈൻ വലിക്കൽ | | 174665 | 174665 | - |
| ഐ.ആർ.ടി.സി. | സമ്പൂർണ മാലിന്യ സംസ്കരണ പദ്ധതി | 4/17-18തീ. 11/07/17 | 1861760 | 1861760 | - |
| ഐ.ആർ.ടി.സി. | സമ്പൂർണ മാലിന്യ സംസ്കരണ പദ്ധതി | 52/17-18തീ. 21/03/18 | 1150000 | 1150000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5230000 രൂപ വരവുണ്ട്. മുൻബാക്കി 1944642 രൂപയടക്കം രൂപയിൽ.7174642.രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി. എഫ്.സി. ഫിഷ് മാർക്കറ്റ് | 31/10/2014 ല സ.ഉ(എം.എസ്) 2830/14തസ്വഭവ | 5230000 | 1944642 | 684716 | 453203 | 1259926 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2694704 |
| തൻവർഷം നിക്ഷേപിച്ച തുക | 223287 |
| ആകെ | 2917991 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2917991 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി | 13/09/2017 | 13/09/2018 | 292170 | - |
| 2 | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി | 13/09/2017 | 13/09/2018 | 279006 | - |
| 3 | കെ.ഡി.സി.ബാങ്ക് ഓർക്കാട്ടേരി | 13/09/2017 | 13/09/2018 | 1924365 | - |
| 4 | ഏറാമല സർവ്വീസ് | 21/12/2017 | 21/12/2018 | 422450 | - |

| | | | | | |
|---|---|---|---|---|---|
| | സഹകരണ ബാങ്ക് | | | | |
| ആകെ | | | | 2917991 | - |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-3 | 3157 | ശാന്തി ആർ.കെ | 117030102554 തീ.08/09/17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | |
| 2000-01 | ഭാഗം 1 | 2005-06 | 67.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച | |
| 2000-01 | 3-8 | 2005-06 | 67.9.12 | പെൻഷൻ അപാകതകൾ | |
| 2001-02 | ഭാഗം 1 | 2005-06 | 67.11.12 | ആഭ്യന്തര നിയന്ത്രണം പാളുന്നു അപാതകൾ ഏറുന്നു. | |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2005-06 | 67.14.21 | നികുതി പിരിക്കുന്നതിലെ അലംഭാവം | |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നം./ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഔദ്യോഗിക സ്ഥാപനം. ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | തീയതി) | തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | ബാധ്യത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |
| ഇല്ല. | | | | | | | | | | | | |
| | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാപനം. ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെ | ഈടാ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | യ തി) | ട്ട തുക | ക്കി യ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 11, 12 | പി.പി. സുരേഷ് ജൂനിയർ സൂപ്രണ്ട് | LF/847/ Spl cell/ Sc4/2000 dt.27.02.02 | 8715 | | | | | | | അടവാക്കിയതിന്റെ വിവരം ലഭ്യമല്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67988415 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88487752 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയകുമാരി<br>അസി.എഞ്ചിനീയർ | ലഭ്യമല്ല | ശ്രീനന്ദനം ,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 (ചെലവ്) | എൽഎഫ്.കെ.കെ.ഡി(എസ്1)922/02 തീ.23.1.03 | 15 (21 ബി, 30 ബി, സി, ഡി, ഇ, 31, 36എ, 36ബി, 37, 38, 39, 40, 41, 42, 43) | |
| 1999-00 (ചെലവ്) | എൽഎഫ്.കെ.കെ.ഡി(എസ്1)1484/03 തീ.25.02.04 | 7 (ഖ 3, 5, , 6, 7, 8, 9, 10) | |
| 1999-00 (വരവ്) | എൽഎഫ്.കെ.കെ.ഡി.പി2/341/04 തീ.06.01.05 | 4 (ഖ 4എ, 24, 25, 27) | |
| 2000-01 (വരവ്) | എൽഎഫ്.കെ.കെ.ഡി.പി2/47/05 തീ.04.09.07 | 2 (ഖ2-2, 3-7) | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി5/1347/15 തീ.04.08.15 | 5 (ഖ 5, 6(1), (2), 7(1), 7(2)) | |

| | | | |
|---|---|---|---|
| | | | |
| 2001-02 (പ്ലാൻ ഒഴികെ) | എൽഎഫ്.കെ.കെ.ഡി.പി5/135/15 തീ.27.04.17 | 2 (2-3, 3-2) | |
| 2001-02 (പ്ലാൻ) | എൽഎഫ്.കെ.കെ.ഡി.പി5/1358/2015 തീ.3108.16 | 3 (7, 9, 10) | |
| 2002-03 | എൽഎഫ്.കെ.കെ.ഡി.പി5/673/09 തീ.06.10.09 | 12 (1-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3) 3-5, 3-6, 3-7, 3-8 | |
| 2003-04 | എൽഎഫ്.കെ.കെ.ഡി.പി6/674/09 തീ.05.10.09 | 6 (2-1, 3-1, 3-2, 3-3, 3-4, 4-1) | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/1151/ 07തീ.27.9.08 | 8 (3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9) | |
| 2005-06 | എൽഎഫ്.കെ.കെ.ഡി.പി5/756(1)/09 തീ.10.09.09 | 16 (2-1, 2-2, 2-3, 3-1, 3-2, 3-3, 3-5, 3-6 മുതൽ 3-13 | |

| | | | |
|---|---|---|---|
| | | വരെ, 3-14) | |
| 2006-07 | എൽഎഫ്.കെകെഡി(എസ്1)850/09<br>തീ.5.1.10 | 27<br>(2-1 മുതൽ<br>2-6 വരെ,<br>3-1 മുതൽ<br>3-22 വരെ) | |
| 2007-08 | എൽഎഫ്.കെകെഡി(എസ്1)1182/10<br>തീ.9.6.11 | 24<br>(1, 1-2, 1-3,<br>2-1,(3-9), 2-3,<br>2-5, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-9,<br>3-16, 3-17, 3-19,<br>3-20,<br>3-21(എ.ബി),<br>3-22, 4-2, 4-3,<br>4-5, 4-7) | |
| 2008-09 | എൽഎഫ്.കെ.കെ.ഡി.പി5/1350/12<br>തീ.13.09.12 | 22<br>(1-1, 1-4, 1-7,<br>2-1(1),<br>2-1(2)-(10),<br>2-2(എ, ഡി),<br>2-2(ബി.സി), 3-2, | |

| | | | |
|---|---|---|---|
| | | 3-4(1), 3-4(2), 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 4-7) | |
| 2009-10 | എൽഎഫ്.കെ.കെ.ഡി.പി5/1890/12 തീ.05.12.2012 | 20 (1-3, 2-1, 2-3, 2-4, 2-6, 3-1, 3-3,3-4, 3-5, 3-6, 3-7,3-8(2) 3-8(3), 3-9, 3-14, 3-15(1), 3-16, 3-18, 3-19, 4-3, 4-7) | |
| 2010-11, 2011-12 | എൽഎഫ്.കെകെഡി(പി5)1724/13 തീ.30.1.14 | 17 (2-3, 3-1, 3-2, 3-3, 3-4, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-16, 3-19, 3-20, 3-21, 3-23) | |

| | | | |
|---|---|---|---|
| | | | |
| 2012-13, 2013-14 | എൽഎഫ്.കെ.കെ.ഡി.പി5/732/16 തീ.29.09.16 | 7 (2-1, 3-4, 3-5, 3-8, 3-10, 3-12, 3-13) | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1146/2016. | 17 (2-2, 2-3, 2-4, 3-1, 3-2(1), (2), (4), 3-3, 3-4(1), (2), (3), 3-5, 3-6, 3-9, 3-10, 3-11, 4-2) | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/2017/16 തീ.01.06.17 | 16 (2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2, 3-3(1), 3-3(2), 3-4, 3-5, 4-9) | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/1919/17 തീ.01/11/2017 | 26 (2-1 മുതൽ 2-10 വരെ, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, | |

| | | | |
|---|---|---|---|
| | | 3-13, 3-14, 3-15, 3-16(1), 3-16(2), 3-17, 3-18) | |

ഡെപ്യൂട്ടി ഡയറക്ടർ

**1**

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.എം.1/2043/2018 / തിയതി: 05.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഏറാമല ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്